www.gospel.sajacobsreviews.com

fleettech@gmail.com

നിന്റെ വേല എന്റെ ആഹാരം
നിന്റെ സേവ എന്റെ ജീവിതം
നിന്റെ പാത എന്റെ അനുകരണം
നിന്റെ വചനം എന്റെ പ്രത്യാശ (2)

*(നിന്റെ...)*

പഴിദുഷികൾ ചൊല്ലി കേൾക്കുമ്പോൾ
പാദം ഇടറും എന്ന് തോന്നുമ്പോൾ
പാതയാകെ ഇരുളാകുമ്പോൾ
പാരിൽ നിൻ വചനം എന്റെ ആശ്വാസം (2)

*(നിന്റെ...)*

രോഗബാധിതനായി ഞാൻ തീർന്നാലും
ലോകം വെറുത്തു നിന്നെ പിൻചെല്ലും
ശോധനകൾ ക്രൂരമാകുമ്പോൾ
രക്തവളപ്പിൽ ഞാൻ ജീവിക്കും (2)

*(നിന്റെ...)*

കണ്ണിൻമണിപോൽ എന്നെ സൂക്ഷിച്ചു
കരളലിഞ്ഞാൽ കരം നൽകിടും
കഷ്ടകാലം ഇഷ്ടമാക്കിടും
ക്രൂശു ചുമപ്പാൻ കൃപയേകിടും (2)

*(നിന്റെ...)*

Powered By: Jacobs Fleettech Computers, Puthuppally.